**മധുരമായ കുട്ടികളേ - നിങ്ങൾ മുത്ത് കൊത്തിയെടുക്കുന്ന ഹംസങ്ങളാണ്, നിങ്ങളുടേത് ഹംസ സഭയാണ്, നിങ്ങൾ ഭാഗ്യശാലീ നക്ഷത്രങ്ങളാണ്, എന്തെന്നാൽ സ്വയം ജ്ഞാനസൂര്യനായ അച്ഛൻ നിങ്ങളെ സന്മുഖത്ത് പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്.**

**ചോദ്യം:-** ബാബ എല്ലാ കുട്ടികൾക്കും നൽകിയ ഏതൊരു വെളിച്ചമാണ് പുരുഷാർത്ഥം തീവ്രമായി മാറിയത്?

**ഉത്തരം:-** ബാബ തന്ന വെളിച്ചമാണ്, കുട്ടികളേ ഇപ്പോൾ ഈ ഡ്രാമയുടെ അവസാനമാണ്, നിങ്ങൾക്ക് പുതിയ ലോകത്തേക്ക് പോകണം. എന്താണോ കിട്ടാനുള്ളത് അത് കിട്ടും, അങ്ങനെയല്ല. പുരുഷാർത്ഥമാണ് ഫസ്റ്റ്. പവിത്രമായി മറ്റുള്ളവരേയും പവിത്രമാക്കണം, ഇത് വളരെ വലിയ സേവനമാണ്. ഈ വെളിച്ചം വന്ന ഉടനെ നിങ്ങളുടെ പുരുഷാർത്ഥം തീവ്രമായി മാറി.

**ഗീതം:-** അങ്ങ് സ്നേഹത്തിൻ സാഗരമാണ്....

**ഓം ശാന്തി**. കുട്ടികൾ അറിയുന്നു എന്തെന്നാൽ സ്നേഹത്തിന്റെ സാഗരമായ, ശാന്തിയുടെ സാഗരമായ, ആനന്ദത്തിന്റെ സാഗരമായ, പരിധിയില്ലാത്ത അച്ഛൻ സന്മുഖത്തിരുന്ന് നമുക്ക് ശിക്ഷണം നൽകിക്കൊണ്ടിരിക്കുകയാണ്. എത്ര ഭാഗ്യമുള്ള നക്ഷത്രങ്ങളാണ്, നിങ്ങളെ ജ്ഞാനസൂര്യനായ അച്ഛൻ സന്മുഖത്ത് പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ ഏതൊന്നാണോ കൊറ്റികളുടെ സഭയായിരുന്നത്, അത് ഹംസങ്ങളുടെ സഭയായി മാറി. മുത്തുകൾ കൊത്തിയെടുത്തുകൊണ്ടിരിക്കുകയാണ്. ഈ സഹോദരീ സഹോദരന്മാർ എല്ലാവരും ഹംസങ്ങളാണ്, ഇതിനെ ഹംസസഭ എന്നും പറയുന്നു. കല്പം മുൻപ് ഉണ്ടായിരുന്നവർ മാത്രമാണ് ഈ സമയം, ഈ ജന്മം പരസ്പരം തിരിച്ചറിയുന്നുള്ളൂ. ആത്മീയ പാരലൗകിക അച്ഛനും അമ്മയും സഹോദരങ്ങളും പരസ്പരം തിരിച്ചറിയുന്നു. ഓർമ്മയുണ്ടോ, അയ്യായിരം വർഷം മുൻപും നാം പരസ്പരം ഇതേ നാമരൂപങ്ങളിൽ കണ്ടുമുട്ടിയിരുന്നു? ഇത് നിങ്ങൾക്ക് ഇപ്പോൾ പറയാൻ കഴിയും, പിന്നീട് ഒരിക്കലും ഒരു ജന്മത്തിലും ഇങ്ങനെ പറയാൻ കഴിയില്ല. ബ്രഹ്മാകുമാർ-കുമാരിമാർ ആകുന്നവർ ആരെല്ലാമാണോ, അവർ മാത്രമാണ് പരസ്പരം തിരിച്ചറിയുന്നത്. ബാബാ താങ്കളും അതുതന്നെയാണ്, ഞങ്ങൾ അങ്ങയുടെ കുട്ടികളും അതുതന്നെയാണ്, ഞങ്ങൾ സഹോദരീ-സഹോദരന്മാർ വീണ്ടും ഞങ്ങളുടെ അച്ഛനിൽ നിന്ന് സമ്പത്ത് എടുക്കുകയാണ്. ഇപ്പോൾ അച്ഛനും മക്കളും സന്മുഖത്ത് ഇരിക്കുകയാണ് പിന്നീട് ഈ നാമ-രൂപങ്ങൾ എല്ലാം മാറും. സത്യുഗത്തിലെ ലക്ഷ്മീ-നാരായണന്മാർ ഇങ്ങനെ ഒരിക്കലും പറയില്ല എന്തെന്നാൽ നമ്മൾ കൽപ്പം മുൻപ് ഉണ്ടായിരുന്ന ലക്ഷ്മീ-നാരായണന്മാർ തന്നെയാണ് എന്ന്, അഥവാ പ്രജകളും ഒരിക്കലും പറയില്ല ഇത് കൽപ്പം മുമ്പ് ഉണ്ടായിരുന്ന അതേ ലക്ഷ്മീ-നാരായണന്മാർ തന്നെയാണ് എന്ന്. ഇല്ല. ഇത് കേവലം ഈ സമയത്ത് നിങ്ങൾ കുട്ടികൾ മാത്രമേ അറിയുന്നുള്ളൂ. ഈ സമയം നിങ്ങൾ വളരെയധികം കാര്യങ്ങൾ അറിയുന്നു. മുൻപ് നിങ്ങൾക്ക് ഒന്നും അറിയില്ലായിരുന്നു. ഞാൻ തന്നെയാണ് കല്പത്തിലെ സംഗമയുഗത്തിൽ വന്ന് എന്റെ പരിചയം തരുന്നത്. കേവലം പരിധിയില്ലാത്ത അച്ഛനു മാത്രമേ ഇത് പറയാൻ കഴിയുള്ളൂ. പുതിയ ലോകത്തിന്റെ സ്ഥാപന ചെയ്യണം എങ്കിൽ പഴയ ലോകത്തിന്റെ വിനാശവും തീർച്ചയായും ഉണ്ടാകണം. ഇത് രണ്ടിന്റേയും സംഗമയുഗമാണ്. ഇത് വളരെ മംഗളകാരിയായ യുഗമാണ്. സത്യുഗത്തേയോ കലിയുഗത്തേയോ മംഗളകാരി എന്ന് വിളിക്കില്ല. നിങ്ങളുടെ ഇപ്പോഴത്തെ ജീവിതം അമൂല്യമാണ് എന്ന് പാടപ്പെട്ടിട്ടുണ്ട്. ഈ ജീവിതത്തിൽ തന്നെയാണ് കക്കയിൽ നിന്നും വജ്രസമാനമാകേണ്ടത്. നിങ്ങൾ കുട്ടികൾ സത്യ-സത്യമായ ഈശ്വരീയ സഹായികളാണ്. ഈശരീയ മുക്തി സേനയാണ്. ഈശ്വരൻ വന്ന് മായയിൽ നിന്ന് നിങ്ങളെ മുക്തരാക്കുന്നു. നിങ്ങൾ അറിയുന്നു വിശേഷിച്ച് നമ്മളെയും പൊതുവായി ലോകത്തെയും മായയുടെ ചങ്ങലകളിൽ നിന്നും മോചിപ്പിക്കുന്നു. ഇതും ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. ഇപ്പോൾ ആർക്കാണ് മഹിമ നൽകേണ്ടത്? ആരാണോ നല്ലവണ്ണം അഭിനയിക്കുന്നത്, അവർക്കുതന്നെയാണ് പ്രശസ്തിയുണ്ടാകുന്നത്. മഹിമയും പരമപിതാവായ പരമാത്മാവിന് തന്നെയാണ് നൽകാറുള്ളത്. ഇപ്പോൾ ഭൂമിയിൽ പാപാത്മാക്കളുടെ ഭാരം വളരെ കൂടുതലാണ്. കടുക്മണികൾ പോലെ എത്രയധികം മനുഷ്യരാണുള്ളത്. ബാബ വന്നിട്ട് ഭാരം ഇറക്കിവെക്കുകയാണ്. അവിടെയാണെങ്കിൽ കുറച്ച് ലക്ഷങ്ങളേ ഉണ്ടാകുകയുള്ളൂ, അതെന്താ കാൽ ശതമാനം പോലും ആകുന്നില്ലല്ലോ. അപ്പോൾ ഈ ഡ്രാമയേയും നല്ല രീതിയിൽ മനസ്സിലാക്കണം. പരമാത്മാവിനെ സർവ്വശക്തിവാൻ എന്ന് വിളിക്കുന്നു. അതും ഡ്രാമയിലെ അദ്ദേഹത്തിന്റെ പാർട്ട് ആണ്. ബാബ പറയുകയാണ് ഞാനും ഡ്രാമയിൽ ബന്ധിക്കപ്പെട്ടിരിക്കുകയാണ്.

യദാ യദാ ഹി ധർമ്മസ്യ... എന്ന് എഴുതപ്പെട്ടിരിക്കുന്നു. ഇപ്പോൾ അതേ ധർമ്മത്തിന്റെ ഗ്ലാനിയും ഭാരതത്തിൽ കൃത്യമായി നടക്കുന്നു. എന്റേയും ഗ്ലാനി ചെയ്യുന്നു, ദേവതകളുടെയും ഗ്ലാനി ചെയ്യുന്നു, ഇതുകൊണ്ടുതന്നെ വളരെപ്പേർ പാപത്മാക്കളായി തീർന്നിരിക്കുന്നു. ഇതും അവർക്ക് ആകേണ്ടതായിട്ടുണ്ട്. സതോ-രജോ-തമോ എന്നിവയിൽ വരുക തന്നെ വേണം. നിങ്ങൾ ഈ ഡ്രാമയെ മനസ്സിലാക്കിയിരിക്കുന്നു. ബുദ്ധിയിൽ ചക്രം തിരിഞ്ഞുകൊണ്ടിരിക്കുന്നു. ബാബ വന്ന് വെളിച്ചം തന്നിരിക്കുന്നു. ഇപ്പോൾ ഈ ഡ്രാമയുടെ അവസാനമാണ്. ഇപ്പോൾ നിങ്ങൾ വീണ്ടും പുതിയ ലോകത്തിനായി പുരുഷാർത്ഥം ചെയ്യൂ. എന്താണോ കിട്ടാനുള്ളത് അത് കിട്ടും, അങ്ങനെയല്ല. പുരുഷാർത്ഥമാണ് ഫസ്റ്റ്. മുഴുവൻ ശക്തിയും പവിത്രതയിലാണുള്ളത്. പവിത്രതയിൽ ബലിയർപ്പിക്കപ്പെട്ടവരാണ്. ദേവതകൾ പവിത്രതയുള്ളവരാണ് അപ്പോൾ അപവിത്രരായ മനുഷ്യർ അവരുടെ മുന്നിൽ ചെന്ന് തല കുമ്പിടുന്നു. സന്യാസിമാരേയും തല കുമ്പിട്ട് വണങ്ങാറുണ്ട്. മരണശേഷം അവരുടെ സ്മാരകങ്ങൾ ഉണ്ടാക്കുന്നു എന്തെന്നാൽ പവിത്രമായതുകൊണ്ട്. ചില വ്യക്തികൾ ഭൗതിക പ്രവർത്തനങ്ങളും വളരെയധികം ചെയ്യാറുണ്ട്. ഹോസ്പിറ്റൽ തുറക്കുന്നു അല്ലെങ്കിൽ കോളേജ് നിർമ്മിക്കുന്നു അപ്പോൾ അവരുടെയും പേര് പ്രശസ്തമാകുന്നു. ഏറ്റവും അധികം പ്രശസ്തരാകുന്നവൻ അവരാണ് ആരാണോ എല്ലാവരേയും പവിത്രമാക്കുന്നത് കൂടാതെ ആരാണോ ബാബയുടെ സഹായികൾ ആകുന്നത്. നിങ്ങൾ പവിത്രമാകുന്നു, ആ സദാ പവിത്രമായവനോടൊപ്പം യോഗം വെക്കുന്നതിലൂടെ. എത്രയും നിങ്ങൾ യോഗം വെക്കുന്നുവോ അത്രയും നിങ്ങൾ പവിത്രമായിത്തീരും, പിന്നെ അന്തിമ മനം പോലെ ഗതിയായിത്തീരും. ബാബയുടെ അടുത്ത് പോകും. ആ മനുഷ്യർ തീർത്ഥയാത്ര പോകുമ്പോൾ അച്ഛന്റെ അടുത്തേക്ക് പോകണം എന്ന് ചിന്തിക്കുന്നില്ല. എന്നിട്ടും പവിത്രമായിരിക്കുന്നു. ഇവിടെയാണെങ്കിൽ ബാബ എല്ലാവരേയും പവിത്രമാക്കുകയാണ്. ഡ്രാമയെയും മനസ്സിലാക്കാൻ എത്ര എളുപ്പമാണ്. വളരെയധികം പോയിന്റുകൾ മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കുകയാണ്. ശേഷം പറയുന്നു കേവലം അച്ഛനേയും സമ്പത്തിനേയും ഓർമ്മിക്കൂ. മരണസമയത്ത് എല്ലാവരും ഭഗവാന്റെ ഓർമ്മ ഉണർത്തിക്കുന്നു. ശരി, ഭഗവാൻ എന്ത് ചെയ്യാനാണ്? പിന്നെ ആരെങ്കിലും ശരീരം ഉപേക്ഷിക്കുകയാണെങ്കിൽ പറയുന്നു സ്വർഗ്ഗവാസിയായി എന്ന്. എന്നിരുന്നാലും പരമാത്മാവിന്റെ ഓർമ്മയിൽ ശരീരം വിടുന്നതിലൂടെ വൈകുണ്ഠത്തിൽ പോകും. ആ മനുഷ്യർ അച്ഛനെ അറിയുന്നില്ല. ഇതും ആരുടെയും ബുദ്ധിയിൽ ഇല്ല എന്തെന്നാൽ നമ്മൾ അച്ഛനെ ഓർമ്മിക്കുന്നതിലൂടെ വൈകുണ്ഠത്തിൽ എത്തുന്നു. അവർ കേവലം പറയുന്നു പരമാത്മാവിനെ ഓർമ്മിക്കൂ. ഇംഗ്ലീഷിൽ ഗോഡ് ഫാദർ എന്ന് പറയുന്നു. ഇവിടെ നിങ്ങൾ പറയുന്നു പരമപിതാവായ പരമാത്മാവ് എന്ന്. ആ മനുഷ്യർ ആദ്യം ഗോഡ് എന്നും പിന്നീട് ഫാദർ എന്നും വിളിക്കുന്നു. നമ്മൾ ആദ്യം പരമപിതാവ് എന്നും പിന്നെ പരമാത്മാവ് എന്നും വിളിക്കുന്നു. അദ്ദേഹം സർവ്വരുടെയും ഫാദർ ആണ്. അഥവാ എല്ലാവരും ഫാദർ ആണെങ്കിൽ ഓ ഗോഡ് ഫാദർ എന്നു വിളിക്കാൻ കഴിയില്ല. അൽപ്പം പോലും കാര്യങ്ങൾ മനസ്സിലാക്കാൻ കഴിവില്ല. ബാബ നിങ്ങൾക്ക് എളുപ്പമാക്കി പഠിപ്പിച്ചു തന്നു. മനുഷ്യർ എപ്പോഴാണോ ദു:ഖികൾ ആകുന്നത് അപ്പോൾ പരമാത്മാവിനെ ഓർമ്മിക്കുന്നു. മനുഷ്യർ ദേഹ-അഭിമാനികൾ ആണ് എന്നാൽ ഓർമ്മിക്കുന്നത് ആത്മാവ് ആണ്, അഥവാ പരമാത്മാവ് സർവ്വവ്യാപി ആണെങ്കിൽ പിന്നെ ആത്മാവ് എന്തിന് ഓർമ്മിക്കണം? ഇനി ആത്മാവ് നിർലേപവും കൂടി ആണെങ്കിൽ ദേഹി അഥവാ ആത്മാവ് എന്ത് ഓർമ്മിക്കും? ഭക്തിമാർഗ്ഗത്തിലും ആത്മാവ് തന്നെയാണ് പരമാത്മാവിനെ ഓർമ്മിക്കുന്നത് എന്തുകൊണ്ടെന്നാൽ ദു:ഖിയാണ്. എത്രത്തോളം സുഖം ലഭിച്ചിട്ടുണ്ടോ അത്രയും ഓർമ്മിക്കേണ്ടിവരുന്നു.

ഇത് പഠിത്തമാണ്, ഉദ്ദേശ്യ-ലക്ഷ്യങ്ങളും വ്യക്തമാണ്. ഇതിൽ അന്ധവിശ്വാസത്തിന്റെ കാര്യം ഒന്നുമില്ല. നിങ്ങൾ എല്ലാ ധർമ്മത്തിൽ ഉള്ളവരേയും അറിയുന്നു - ഈ സമയം എല്ലാവരും സന്നിഹിതരാണ്. ഇപ്പോൾ ഇനി ദേവീ-ദേവതമാരുടെ ചരിത്രം ആവർത്തിക്കപ്പെടണം. ഇത് ഒരു പുതിയ കാര്യമൊന്നുമല്ല. കല്പ-കല്പം നമ്മൾ രാജ്യഭരണം നേടുന്നു. പരിധിയുള്ള കളികൾ ആവർത്തിക്കപ്പെടുന്നതുപോലെ തന്നെയാണ് ഈ പരിധിയില്ലാത്ത കളിയും. അരക്കല്പം നമ്മുടെ ശത്രു ആരാണ്? രാവണൻ. നമ്മൾ ഏതെങ്കിലും യുദ്ധം ചെയ്ത് രാജ്യം നേടുകയല്ല. ഒരുതരത്തിലുമുള്ള ഹിംസാത്മകമായ യുദ്ധം ചെയ്യുന്നില്ല, വിജയിക്കുവാൻ വേണ്ടി ഏതെങ്കിലും സൈന്യത്തെ കൂട്ടി പൊരുതുന്നില്ല. ഇത് തോൽവിയുടെയും വിജയത്തിന്റേയും കളിയാണ്. പക്ഷേ തോൽവിയും സൂക്ഷ്മമാണ് അതുപോലെ വിജയവും സൂക്ഷ്മമാണ്. മായയോട് തോറ്റാൽ തോൽവിയാണ്, മായയോട് ജയിച്ചാൽ വിജയമാണ്. മനുഷ്യർ മായ എന്നതിനുപകരം മനസ്സ് എന്ന വാക്ക് ഇട്ടുകൊടുത്തു അതോടുകൂടി തല തിരിഞ്ഞുപോയി. ഈ ഡ്രാമയിലെ കളിയും നേരത്തേതന്നെ ഉണ്ടാക്കപ്പെട്ടതാണ്. അച്ഛൻ സ്വയം ഇരുന്ന് പരിചയം തരുന്നു. രചയിതാവിനെ മറ്റൊരു മനുഷ്യരും അറിയുന്നതേയില്ല, അപ്പോൾ പരിചയം എങ്ങനെ തരാൻ കഴിയും. രചയിതാവ് ഒരു ബാബയാണ്, ബാക്കി നമ്മൾ രചനകളാണ്. അപ്പോൾ തീർച്ചയായും നമുക്കാണ് രാജ്യ-ഭാഗ്യം ലഭിക്കേണ്ടത്. മനുഷ്യർ

പറയുന്നത് പരമാത്മാവ് സർവ്വവ്യാപി എന്നാണ്, അങ്ങനെയെങ്കിൽ എല്ലാവരും രചയിതാക്കൾ ആയി. രചനകളെ എടുത്ത് മാറ്റി, എത്ര കല്ലുബുദ്ധികളാണ്, ദു:ഖികളായി തീർന്നു. കേവലം തന്റെ മഹിമ ചെയ്യുന്നു അതായത് ഞങ്ങൾ വൈഷ്ണവരാണ്, ഞങ്ങൾ പകുതി ദേവതമാരാണ്. മനസ്സിലാക്കുന്നുണ്ട് ദേവതമാർ വൈഷ്ണവർ ആയിരുന്നു എന്ന്. വാസ്തവത്തിൽ വെജിറ്റേറിയൻ എന്നതിന്റെ പ്രധാന അർത്ഥം അഹിംസോ പരമോധർമ്മം എന്നാണ്. ദേവതമാരെ പക്കാ വൈഷ്ണവർ എന്നു പറയപ്പെടുന്നു. അങ്ങനെ സ്വയം തങ്ങളെ വൈഷ്ണവർ എന്ന് വിളിക്കുന്നവർ ഒരുപാടുണ്ട്. പക്ഷേ ലക്ഷ്മീ-നാരായണന്മാരുടെ രാജ്യത്തിലെ വൈഷ്ണവ സമ്പ്രദായം പവിത്രവും ആയിരുന്നു. ഇപ്പോൾ ആ വൈഷ്ണവ സമ്പ്രദായത്തിലുള്ളവരുടെ രാജ്യം എവിടെയാണ്? ഇപ്പോൾ നിങ്ങൾ ബ്രാഹ്മണർ ആയിരിക്കുകയാണ്, നിങ്ങൾ ബ്രഹ്മാകുമാർ-കുമാരിമാർ ഉണ്ടെങ്കിൽ തീർച്ചയായും ബ്രഹ്മാവും ഉണ്ടാകും, അതുകൊണ്ടാണ് ശിവവംശീ-പ്രജാപിതാ-ബ്രഹ്മാവിന്റെ അവകാശികൾ എന്ന പേര് വെച്ചിരിക്കുന്നത്. പാടപ്പെടുന്നുണ്ട് ശിവബാബ വന്നിരുന്നു, അദ്ദേഹം ബ്രാഹ്മണ സമ്പ്രദായം രചിച്ചു, ആ ബ്രാഹ്മണർ പിന്നീട് ദേവതയായി. ഇപ്പോൾ നിങ്ങൾ ശൂദ്രരിൽ നിന്ന് ബ്രാഹ്മണർ ആയിരിക്കുന്നു അപ്പോൾ ബ്രഹ്മാകുമാർ-കുമാരി എന്ന് വിളിക്കുന്നു. വിരാടരൂപത്തിന്റെ ചിത്രത്തിലൂടെയും മനസ്സിലാക്കികൊടുക്കുന്നത് നല്ലതാണ്. വിഷ്ണുവിന് തന്നെയാണ് വിരാടരൂപം കാണിക്കുന്നത്. വിഷ്ണുവും അദ്ദേഹത്തിന്റെ രാജധാനിയും (സന്താനങ്ങൾ) തന്നെയാണ് വിരാട ചക്രത്തിൽ വരുന്നത്. ഇതെല്ലാം ബാബയുടെ വിചാരങ്ങളിൽ നടക്കുന്നു. നിങ്ങളും വിചാര സാഗര മഥനം ചെയ്യുകയാണെങ്കിൽ രാത്രിയിൽ ഉറക്കം വരില്ല. ഈ ചിന്തകൾ തന്നെ ഓടിക്കൊണ്ടിരിക്കും. രാവിലെ എഴുന്നേറ്റ് ജോലി മുതലായവയിൽ ഏർപ്പെടും. പറയാറുണ്ടല്ലോ അതിരാവിലെയുള്ള സമയം..... നിങ്ങളും ആർക്കെങ്കിലും ഇരുന്ന് മനസ്സിലാക്കികൊടുക്കുകയാണെങ്കിൽ പറയും ആഹാ! ഇവർ നമ്മളെ മനുഷ്യനിൽ നിന്ന് ദേവത, യാചകനിൽ നിന്ന് രാജകുമാരൻ ആക്കാൻ വന്നിരിക്കുകയാണ്. ആദ്യം അലൗകിക സേവനം ചെയ്യണം, ശേഷം സ്ഥൂല സേവനം ചെയ്യണം. ലഹരി വേണം. പ്രത്യേകിച്ച് അമ്മമാർക്ക് വളരെ നല്ല രീതിയിൽ സേവനം ചെയ്യാൻ കഴിയും. മാതാക്കളെ ആരും ധിക്കരിക്കില്ല. പച്ചക്കറി വിൽക്കുന്നവർ, ധാന്യം വിൽക്കുന്നവർ, വേലക്കാർ മുതലായ എല്ലാവർക്കും മനസ്സിലാക്കികൊടുക്കണം. പരാതി പറയാനായി ആരും ബാക്കി ഉണ്ടാകരുത്. സേവനത്തിൽ ഹൃദയത്തിൽനിന്നുള്ള സത്യത ഉണ്ടാകണം. ബാബയോട് പൂർണ്ണമായ യോഗം ഉണ്ടാകണം അപ്പോഴേ ധാരണ ഉണ്ടാകുകയുള്ളൂ. സാധന-സാമഗ്രികൾ നിറച്ചാൽ പിന്നെ കപ്പൽ അവ വിതരണം ചെയ്യാനായി തുറമുഖത്തേക്ക് പോകും. ഈ ചിത്രവും വളരെ സഹായകമാണ്. എത്ര വ്യക്തമാണ് - ശിവബാബ ബ്രഹ്മാവിൽ കൂടി വിഷ്ണുപുരിയുടെ സ്ഥാപന ചെയ്യിച്ചുകൊണ്ടിരിക്കുകയാണ്. ഇത് രുദ്രജ്ഞാന യജ്ഞമാണ്, കൃഷ്ണ ജ്ഞാന യജ്ഞം അല്ല. ഈ രുദ്ര ജ്ഞാന യജ്ഞത്തിലൂടെയാണ് വിനാശത്തിന്റെ ജ്വാല ജ്വലിച്ചുയർന്നിരിക്കുന്നത്. കൃഷ്ണന് യജ്ഞം രചിക്കാൻ കഴിയില്ല. അദ്ദേഹം 84 ജന്മങ്ങൾ എടുക്കുമ്പോൾ നാമ-രൂപങ്ങൾ മാറിക്കൊണ്ടിരിക്കുകയും മറ്റൊരു രൂപത്തിലും കൃഷ്ണൻ ഉണ്ടാവുകയില്ല. കൃഷ്ണന്റെ പാർട്ട് അതേ രൂപത്തിൽ എപ്പോഴാണോ ഉണ്ടാകുന്നത് അപ്പോഴേ ആവർത്തിക്കൂ. ശരി.

വളരെക്കാലത്തെ വേർപാടിന് ശേഷം കളഞ്ഞ് പോയി തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണക്കുള്ള മുഖ്യമായ സാരം -

1) സത്യ-സത്യമായ ഈശ്വര സഹായികൾ അഥവാ ഈശ്വരീയ മുക്തി സേനയായി സർവ്വരേയും മായയിൽനിന്ന് മോചിപ്പിക്കണം. ഈ ജന്മത്തിൽ കക്കയിൽ നിന്നും വജ്രസമാനമാകണം, ആക്കുകയും വേണം.

2) ഏതുപോലെ ബാബ വിചാര സാഗര മഥനം ചെയ്യുന്നുവോ, അതുപോലെ ജ്ഞാനത്തിന്റെ വിചാര സാഗര മഥനം ചെയ്യണം. മംഗളകാരികളായി അലൗകിക സേവനത്തിൽ തൽപ്പരരായിരിക്കണം. ഹൃദയത്തിൽ നിന്നുള്ള സത്യതയോടെ സേവനം ചെയ്യണം.

**വരദാനം:-ചെറിയ-ചെറിയ അവജ്ഞകളുടെ ഭാരത്തെ സമാപ്തമാക്കി സദാ ശക്തിശാലിയായിരിക്കുന്ന ശ്രേഷ്ഠ ചരിത്രവാൻ ഭവ.**

അമൃതവേളയിൽ എഴുന്നേൽക്കാനുള്ള ആജ്ഞയുള്ളതിനാൽ എഴുന്നേറ്റിരിക്കുന്നു, പക്ഷെ വിധിപ്രകാരം സിദ്ധി പ്രാപ്തമാക്കുന്നില്ല, സ്വീറ്റ് സൈലൻസിനോടൊപ്പം നിദ്രയുടെ സൈലൻസ് കലരുന്നു.2-ബാബയുടെ ആജ്ഞയാണ് യാതൊരു ആത്മാവിനും ദു:ഖം കൊടുക്കരുത്, ദു:ഖം എടുക്കരുത്. ഇവിടെ ദു:ഖം എടുക്കുന്നില്ല പക്ഷെ എടുക്കുന്നുണ്ട്. 3- ക്രോധിക്കുന്നില്ല, പക്ഷെ പിണങ്ങുന്നുണ്ട്, അങ്ങിനെയുള്ള ചെറിയ-ചെറിയ അവജ്ഞകൾ മനസ്സിനെ ഭാരമുള്ളതാക്കി മാറ്റുന്നു. ഇപ്പോൾ ഇവയെ സമാപ്തമാക്കി ആജ്ഞാകാരീ ചരിത്രത്തിന്റെ ചിത്രമുണ്ടാക്കൂ, അപ്പോൾ പറയാം ശ്രേഷ്ഠ ചരിത്രവാൻ ആത്മാ.

**സ്ലോഗൻ:- ബഹുമാനം യാചിക്കുന്നതിന് പകരം സർവ്വർക്കും ബഹുമാനം കൊടുക്കൂ, എങ്കിൽ സർവ്വരുടെയും ബഹുമാനം ലഭിച്ചുകൊണ്ടിരിക്കും.**